©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. 22 |

# PART III

# Irrigation Department

### പുനർ ദർഘാസ് പരസ്യം

നമ്പർ ഡി.2 1388/2014. 2017 മേയ് 8.

കേരള ഗവർണ്ണർക്കുവേണ്ടി ജലവിഭവ വകുപ്പ് പമ്പാ ജലസേചന പദ്ധതി ചെങ്ങന്നൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പമ്പാ ജലസേചന പദ്ധതിയിൽപ്പെട്ട താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചനവകുപ്പ്/പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരും അംഗീകൃതരുമായ കരാറുകാരിൽനിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള കവറുകളിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് തപാലിൽ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവൃത്തിയുടെ വിവരങ്ങളും ഉദ്ദേശ അടങ്കൽ തുകയും | നിരതദ്രവ്യം ` |
|---|---|---|
| (1) | (2) | (3) |
| 1 | 21/ഇഇ/പി.ഐ.പി. 2016-17—പമ്പാ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ പന്നിവേലിച്ചിറ ഡിസ്ട്രിബ്യൂട്ടറിയുടെ ചെ. 145 മീ. ഭാഗത്തുള്ള അപകടാവസ്ഥയിലായ സ്ലാബ് കൾവർട്ടിന്റെ നിർമ്മാണവും അതിന്റെ ഇരുഭാഗത്തെയും സംരക്ഷണ പണികളും—` 3,67,000 ലക്ഷം | 9,200 |
| 2 | 45/ഇഇ/പി.ഐ.പി. 2016-17—പമ്പാ ജലസേചന പദ്ധതിയുടെ വലിയ പെരുമ്പഴ ഉപകനാലിന്റെ ചെ. 330 മീ. മുതൽ 900 മീ. വരെയുള്ള ഭാഗത്തെ അറ്റകുറ്റപണികൾ—` 4,97,120 | 12,500 |
| 3 | 46/ഇഇ/പി.ഐ.പി. 2016-17—പമ്പാ ജലസേചന പദ്ധതിയുടെ ചേപ്പാട് ശാഖാ കനാലിന്റെ 6-ാമത്തെ ഉപശാഖ കനാലിന്റെ ചെ. 0 മീ. മുതൽ 500 മീ. വരെയുള്ള ഭാഗത്തെ അറ്റകുറ്റപണികൾ—` 4,17,107 | 10,500 |

ദർഘാസ് ഷെഡ്യൂളിന്റെ വില—ക്രമനമ്പർ 1-ന് ` 750+5% വാറ്റ്, ക്രമനമ്പർ 2-ന് ` 1,000 + 5% വാറ്റ്, ക്രമനമ്പർ 3-ന് ` 850+ 5% വാറ്റ്.

പണി തീർക്കേണ്ട കാലാവധി—3 മാസം.

ദർഘാസ് ഷെഡ്യൂൾ 2017 മേയ് മാസം 26-ാം തീയതി ഉച്ചയ്ക്ക് 1 മണി വരെ മേൽ നിർദ്ദേശിച്ചിട്ടുള്ള തുക അടച്ച് രേഖാമൂലം അപേക്ഷിച്ച് വാങ്ങാവുന്നതാണ്. ദർഘാസ് സംബന്ധമായ മറ്റ് വിവരങ്ങൾ ഈ ആഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് അന്വേഷിച്ച് അറിയാവുന്നതാണ്.

ദർഘാസുകൾ 2017 മേയ് മാസം 31-ാം തീയതി 1 മണിക്ക് മുമ്പായി താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആഫീസിൽ ലഭിക്കത്തക്ക വിധത്തിൽ രജിസ്റ്റർ/സ്പീഡ് തപാലിൽ അയയ്ക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുശേഷം കിട്ടുന്നവ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റേതെങ്കിലും കാരണംമൂലമോ ഉള്ള കാലതാമസത്തിന് ഈ ഡിപ്പാർട്ട്മെന്റ് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. കൊറിയർ സർവ്വീസിലും നേരിട്ടും സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ അന്നേദിവസം 2 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ തുറക്കുന്നതാണ്. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ സർക്കാർ പൊതു അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് 1 മണിവരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ` 200-ൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടിയും യഥാവിധം പൂരിപ്പിച്ച് ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടിയിൽ അഞ്ചാമത്തെ ഉപവകുപ്പായി താഴെപ്പറയുന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്.

"The Contractor further assures that it is clearly understood that the settlement of claims either by part bills or by final bills will be made only according to the availability of budget provision and allotment of funds made with the Division Officer incharge of the work under the respective heads of account in which the work is sanctioned and arranged and also subject to the seniority of such bills. No claims for interest or for damages whatsoever shall be made for belated settlement of claims of bill".

പ്രാഥമിക ഉടമ്പടി സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യത്തിനുള്ള ബാങ്ക് ഡ്രാഫ്റ്റുകൾ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകൾ, കിസാൻ വികാസ് പത്രങ്ങൾ മുതലായവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി. ഡിവിഷൻ, ചെങ്ങന്നൂരിന്റെ പേരിൽ ബന്ധപ്പെട്ട അധികാരികൾ പ്ലഡ്ജ് ചെയ്തവ ആയിരിക്കണം.

ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ദർഘാസിനോടൊപ്പം അവരുടെ യോഗ്യത, കൈവശമുള്ള പണികൾ, അവർക്ക് എടുക്കാവുന്ന പണികളുടെ സാമ്പത്തികപരിധി മുതലായവ ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽനിന്ന് ലഭിച്ചത് സമർപ്പിക്കേണ്ടതാണ്. ജി. ഒ. (പി) നമ്പർ 84/97 പി.ഡബ്ല്യൂ.ഡി. പ്രകാരമുള്ള നിബന്ധകളെല്ലാം ഈ ക്വട്ടേഷനും ബാധകമാണ്.

ഗവൺമെന്റ് ഉത്തരവ് (പി) നമ്പർ 429/15/ഫിൻ തീയതി 28-9-2015-ലും ജി.ഒ. (പി) 13/98 പി.ഡബ്ല്യൂ.ഡി. തീയതി 21-2-1998 ലും, (എംഎസ്സ്) 43/99 ഐ.ആർ.ഡി. തീയതി 9-6-1999-ലും പറയുന്ന എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂൾ ലഭിക്കുവാൻ രേഖകളുടെ അസ്സൽ ഹാജരാക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം,
പി.ഐ.പി. ഡിവിഷൻ,
ചെങ്ങന്നൂർ.

മിനി രാജു സെബാസ്റ്റ്യൻ,
എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ദർഘാസ് പരസ്യം

നമ്പർ 1/ഇ്ര/2017-18. 2017 മേയ് 8.

കേരള ഗവർണ്ണർക്കുവേണ്ടി ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ് ഡിവിഷൻ നമ്പർ-2 ചാലക്കുടി എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവൃത്തിക്ക് കേരള ജലസേചന/പൊതുമരാമത്ത് വകുപ്പിൽ രജിസ്ട്രേഷനുള്ള അർഹരായ കരാറുകാരിൽനിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്രവച്ച പ്രത്യേകം കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ടി ദർഘാസുകൾ താഴെപ്പറയുന്ന ദിവസം ഉച്ചകഴിഞ്ഞ് 3.30 മണിക്ക് സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2, തിരുവനന്തപുരം 18-6-2004-ലെ സർക്കുലർ നമ്പർ 3759/04/D5(3)CIR അനുസരിച്ച് ഇന്ത്യൻ തപാൽ വകുപ്പ് മുഖേന രജിസ്റ്റേർഡായി ലഭിക്കുന്ന ദർഘാസുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. പ്രവൃത്തിയുടെ പേര് വ്യക്തമായി രേഖപ്പെടുത്താത്ത ദർഘാസ് കവറുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം ഇതേസമയം ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. തപാലിൽ വരാവുന്ന കാലതാമസത്തിന് ഈ ഡിപ്പാർട്ടുമെന്റിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല. നിശ്ചിത സമയവും തീയതിയും കഴിഞ്ഞു ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 16-1-2012-ാം തീയതിയിലെ ഓർഡർ നമ്പർ 25935/MPI/11/ജലവിഭവ വകുപ്പ് പ്രകാരം ടെണ്ടർ സമർപ്പിക്കുന്ന എല്ലാ കരാറുകാരും പ്രവൃത്തിക്കാവശ്യമായ നിരതദ്രവ്യം അടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. തുടർച്ചയായി 3 വർക്കിന്റെ ദർഘാസ് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരെ ആവശ്യപ്പെടുന്ന കാലയളവ് വരെ (യഥാസമയം 3 മാസം മുതൽ 6 മാസം വരെ) ദർഘാസിൽ പങ്കെടുക്കുന്നതിൽനിന്ന് വിലക്ക് ഏർപ്പെടുത്തുന്നതാണ്. അതേസമയം തുടർച്ചയായി 5 വർക്കുകൾക്കോ അതിൽ കൂടുതലോ ദർഘാസുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ രജിസ്ട്രേഷൻ പുതുക്കൽ നിഷേധിക്കുന്നതായിരിക്കും. ദർഘാസുകൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം കരാറുകാർ നിർബന്ധമായും അവരുടെ ഒറിജിനൽ രജിസ്ട്രേഷൻ കാർഡ് ഹാജരാക്കേണ്ടതാണ്.

എസ്റ്റിമേറ്റ് നിരക്കിൽ താഴെ ക്വാട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് നിർബന്ധമായും പെർഫോമൻസ് ഗ്യാരന്റി പുതിയ പി.ഡബ്ല്യു.ഡി. മാന്വൽ അനുശാസിക്കുന്ന വിധം വയ്ക്കേണ്ടതാണ്.

ടെണ്ടർ നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും—1/1/ഇ്ര/2017-18—എസ്. ഡി. എഫ്. —എം. എൽ. എ.—ഇരിങ്ങാലക്കുട എൽ. എ. സി.—വെൺകുളം ചിറയിലേക്കുള്ള ഷട്ടർ സ്ഥാപനവും വേളൂക്കര ഗ്രാമപഞ്ചായത്തിലെ കടുപ്പശ്ശേരി ബ്രാഞ്ച് കനാലിലെ അടിയന്തിര പുനരുദ്ധാരണ പണികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളും—` 15,00,000.

നിരതദ്രവ്യം—` 37,500.

ദർഘാസ് ഫോറത്തിന്റെ വില—` 3,000 + വാറ്റ്.

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തീയതിയും സമയവും—26-5-2017, 1 മണിവരെ.

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ തപാൽ മുഖേന സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—31-5-2017 1 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—31-5-2017, 3.30 മണി.

പ്രവൃത്തി തീർക്കേണ്ട കാലാവധി—3 മാസം.

കരാറുകാരന്റെ ക്ലാസ്സ്—'ഡി' യും അതിനു മുകളിലും.

പൊതുമരാമത്ത് വകുപ്പിലെ എ, ബി, സി, ഡി എന്നീ ക്ലാസ് രജിസ്ട്രേഷനുള്ള അർഹരായ കരാറുകാർക്ക് മാത്രമേ ദർഘാസ് ലഭ്യമാകുകയുള്ളൂ. ഇലക്ട്രിക്കൽ വർക്കുകൾക്ക് ഇലക്ട്രിക്കൽ കരാറുകാരിൽ നിന്നുമാത്രമേ ദർഘാസ് സ്വീകരിക്കുകയുള്ളു.

ദർഘാസ് സംബന്ധമായ കൂടുതൽ വിവരങ്ങൾ താഴെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽനിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ നിശ്ചിത വില രൊക്കം പണമായോ മണിയോർഡറായോ അടച്ച് അപേക്ഷിക്കുന്ന നിശ്ചിതവിഭാഗം കരാറുകാർക്ക് താഴെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽനിന്നും മേൽപ്പറഞ്ഞ വിൽപ്പന തീയതികളിൽ ഉച്ചയ്ക്ക് 1 മണിവരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ കൈമാറാൻ പാടുള്ളതല്ല. കേരള ജലസേചന വകുപ്പിൽ ദർഘാസ് സംബന്ധമായി നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും. ദർഘാസുകളോടൊപ്പം നിശ്ചിത ഫോറത്തിലുള്ള പ്രകാരം ` 200-ന്റെ മുദ്രകടലാസിൽ തയ്യാറാക്കിയ പ്രിലിമിനറി എഗ്രിമെന്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്. ദർഘാസ് പ്രമാണത്തിന്റെ വില തിരികെ കൊടുക്കുന്നതല്ല. പ്രിലിമിനറി എഗ്രിമെന്റിന്റെ മാതൃക ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിരതദ്രവ്യമായി സമർപ്പിക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കണം. തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം അവരുടെ കൈവശമുള്ള എല്ലാ ജോലികളുടെയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പ് ഈ ദർഘാസിനും ബാധകമായിരിക്കും.

എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ഇടമലയാർ ഇറിഗേഷൻ
പ്രോജക്ട് ഡിവിഷൻ നമ്പർ-2, (ഒപ്പ്)
ചാലക്കുടി. എക്സിക്യൂട്ടീവ് എഞ്ചിനീയർ.